പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.197

28-01-2019 ൽ മറുപടിയ്ക്ക്

## പുതിയതായി അനുവദിച്ച ഫയർ സ്റ്റേഷനുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.അബ്ദുറഹിമാൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി എത്ര ഫയർ സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | എ) | 4 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ. |
| ബി) | അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ബി) | ആലപ്പുഴ - 1 (അരൂർ ഫയർ & റെസ്ക്യൂ സ്റ്റേഷൻ)<br>കോഴിക്കോട് - 1 (കൊയിലാണ്ടി ഫയർ & റെസ്ക്യൂ സ്റ്റേഷൻ)<br>തൃശ്ശൂർ - 1 (നാട്ടിക ഫയർ & റെസ്ക്യൂ സ്റ്റേഷൻ)<br>പാലക്കാട് - 1 (പട്ടാമ്പി ഫയർ & റെസ്ക്യൂ സ്റ്റേഷൻ) |
| സി) | ഇത്തരത്തിൽ അനുവദിച്ചതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) | 3 എണ്ണം. |
| ഡി) | പ്രവർത്തനം തുടങ്ങാൻ കഴിയാത്തത് എത്രയെണ്ണമാണ്; ഇതിന്റെ തടസ്സങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | ഒന്ന്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്റ്റേഷനു വേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതും പ്രാരംഭ ചെലവുകൾ അനുവദിക്കുന്നതും സംബന്ധിച്ച വിഷയം വിശദമായി പരിശോധിക്കുകയും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള കേസുകളിൽ മുൻഗണന നിശ്ചയിച്ച് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനു ശേഷം പട്ടാമ്പിയിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Deepak

സെക്ഷൻ ഓഫീസർ